നൽകുന്നു. ഒരു സംഘത്തിന് പരമാവധി 43 ലക്ഷം വരെയുള്ള പ്രോജക്ടുകൾക്ക് ധനസഹായം അനുവദിച്ചുവരുന്നുണ്ട്. കൂടാതെ എക്സ്പോർട്ട് ടേണോവറിന്റെ 20% എക്സ്പോർട്ട് ഇൻസെന്റീവ് നൽകുന്ന പദ്ധതിയും നടപ്പാക്കിവരുന്നു.

(ബി) വിദേശവിപണി ലക്ഷ്യമാക്കിയുള്ള ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും അവയ്ക്ക് വിദേശവിപണി കണ്ടെത്താൻ സംഘങ്ങളെ പ്രാപ്തരാക്കുന്നതിനും ലക്ഷ്യമാക്കി ഹാന്റ്ലൂം ക്ലസ്റ്റർ ഡവലപ്പ്മെന്റ് പ്രോഗ്രാം നടപ്പാക്കിവരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികൾ സമന്വയിപ്പിച്ചാണ് ഇത് നടപ്പാക്കുന്നത്.

(സി) കൈത്തറി മേഖലയിൽ നടപ്പാക്കുന്ന മിക്കവാറും എല്ലാ പദ്ധതികളിലും ഗ്രാന്റ്, ഓഹരി പങ്കാളിത്തം എന്നീ ഇനങ്ങളും അനുവദിച്ചുവരുന്നുണ്ട്. ഉപകരണങ്ങൾ വാങ്ങുന്നതിനും അവ നവീകരിക്കുന്നതിനും ദീൻദയാൽ കൈത്തറി വികസന പദ്ധതി പ്രകാരം ഗ്രാന്റ് നൽകുന്നുണ്ട്.

കൈത്തറി വ്യവസായത്തിന് 2001 മുതൽ 2003 വരെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക

41 [1180] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറിമേഖലയിൽ 2003 ഡിസംബറിലെ കണക്കുപ്രകാരം എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) കൈത്തറി വ്യവസായത്തിന് 2001 മുതൽ 2003 വരെ എന്ത് തുക ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നുവെന്നും എത്രരൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കൈത്തറി മേഖലയിൽ 2003-ലെ കണക്കുപ്രകാരം ഉദ്ദേശം 1,75,000 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്ന് കണക്കാക്കുന്നു.

(ബി) 2001-2002 സാമ്പത്തിക വർഷം ബഡ്ജറ്റിൽ പ്ലാൻ ഇനത്തിൽ 1955 ലക്ഷം രൂപ വകയിരുത്തിയതിൽ 1568.50 ലക്ഷം രൂപ ചെലവഴിച്ചു. നോൺ പ്ലാൻ ഇനത്തിൽ 1693.14 ലക്ഷം രൂപ വകയിരുത്തിയതിൽ 1633.84 ലക്ഷം രൂപ ചെലവഴിച്ചു. 2002-2003-ൽ പ്ലാൻ ഇനത്തിൽ 2749.96 ലക്ഷം രൂപ വക കൊള്ളിച്ചതിൽ 2669.36 ലക്ഷം രൂപ ചെലവഴിച്ചു. നോൺ പ്ലാൻ ഇനത്തിൽ 222 ലക്ഷം രൂപ വകയിരുത്തിയതിൽ 188.94 ലക്ഷം രൂപ ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly